# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 869 29.09.2016 ൽ മറുപടിയ്ക്ക്

## സീറോ ലാന്റ് പദ്ധതി

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച സീറോ ലാന്റ് പദ്ധതിപ്രകാരം ഭൂമി ലഭിക്കുന്നതിനായി എത്ര അപേക്ഷ കളാണ് ലഭിച്ചതെന്നും എത്ര പേർക്ക് ഭൂമി അനുവദിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് 2,91,757 അപേക്ഷകൾ ലഭിച്ചിരുന്നു. ഇവയിൽ നിന്ന് 2,43,928 കുടുംബങ്ങളെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നത്. പദ്ധതി പ്രകാരം 58,398 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിരുന്നു. ജില്ലതിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം | തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച പട്ടയങ്ങളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 47340 | 35851 | 3181 |
| കൊല്ലം | 29850 | 28591 | 1553 |
| പത്തനംതിട്ട | 7532 | 6807 | 883 |
| ആലപ്പുഴ | 17142 | 14163 | 256 |
| കോട്ടയം | 10742 | 10388 | 1309 |
| ഇടുക്കി | 10496 | 7970 | 8561 |
| എറണാകുളം | 43248 | 31379 | 1449 |
| തൃശ്ശൂർ | 30836 | 26776 | 1043 |
| പാലക്കാട് | 28524 | 23874 | 4329 |
| മലപ്പുറം | 25998 | 23962 | 1320 |
| കോഴിക്കോട് | 9070 | 8304 | 1550 |
| വയനാട് | 6611 | 4546 | 858 |
| കണ്ണൂർ | 12184 | 11099 | 15962 |

| | | | | | |
|---|---|---|---|---|---|
| | | കാസർഗോഡ് | 12184 | 10218 | 16144 |
| | | **ആകെ** | **2,91,757** | **2,43,928** | **58,398** |
| (ബി) | ഭൂമി അനുവദിച്ച കിട്ടിയ പലർക്കും ഭൂമി ഇതേവരെ ലഭ്യമായിട്ടില്ല എന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തു കൊണ്ടാണ് ഭൂമി ലഭിയ്ക്കാഞ്ഞതെന്ന് വ്യക്തമാക്കാമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രകാരം അനുവദിച്ച ഭൂമി ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല. കോടതിക്കേസുകൾ, പ്രാദേശികമായ തർക്കങ്ങൾ എന്നിവയിൽ ഉൾപ്പെടാത്ത ഭൂമികൾ കൈമാറുന്ന പ്രവർത്തനം പുരോഗമിച്ച് വരുന്നു. | | | |
| (സി) | ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകാൻ സ്വീകരിച്ച മറ്റു നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ? | പദ്ധതിയിൽ അവശേഷിക്കുന്ന ഭൂരഹിത കുടുംബങ്ങൾക്ക് നൽകുന്നതിന് അനുയോജ്യമായ വിവിധതരം ഭൂമികൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. | | | |

സെക്ഷൻ ഓഫീസർ